A

1005

സമഗ്രശിക്ഷാ കേരളം

ആത്യന്തിക വിലയിരുത്തൽ - I 2026-2027

സാമൂഹ്യശാസ്ത്രം

ക്ലാസ് : X

സമയം : 2 1/2 മണിക്കൂർ

ആകെ സ്കോർ : 80

1. B) a , c
( ലിയനാർഡൊ ഡാവിഞ്ചി - അന്ത്യ അത്താഴം ,
മൈക്കലാഞ്ചലോ - അന്ത്യവിധി )

2. D) മൺസൂൺ കാലാവസ്ഥാമേഖല

3. B) ii, i, iv, iii
ടെന്നീസ് കോർട്ട് പ്രതിജ്ഞ - 1789 ജൂൺ 20
ബാസ്റ്റിൽ കോട്ടയുടെ തകർച്ച - 1789 ജൂലൈ 14
ഫ്രഞ്ച് മനുഷ്യാവകാശ പ്രഖ്യാപനം - 1789 ആഗസ്റ്റ് 26
വാട്ടർലൂ യുദ്ധം - 1815 ജൂൺ 18

4. C) ചാൾസ് റൈറ്റ് മിൽസ്



5. B) a - 3, b - 1, c - 2
മാർട്ടിൻ ലൂഥർ - ജർമ്മനി
ജോൺ കാൽവിൻ - സ്വിറ്റ്സർലണ്ട്
ഹെൻറി എട്ടാമൻ - ഇംഗ്ലണ്ട്

6. C) സാമൂഹിക വിശകലനം

7. B) രണ്ട് പ്രസ്താവനകളും ശരി

8. A) a, c, d
അന്തരീക്ഷവായു ഭൗമോപരിതലത്തിൽ ചെലുത്തുന്ന ഭാരമാണ് അന്തരീക്ഷമർദം.
അന്തരീക്ഷ താപനില കൂടുമ്പോൾ മർദം കുറയുന്നു.
ഉയരം കൂടുമ്പോൾ മർദം കുറയുന്നു.

Pramod Kumar # Republican VHSS, Konni

9. * ആവശ്യമുള്ള സന്ദർഭങ്ങളിൽ സൈനികസേവനം നടത്തുക.
* പൊതുനിരത്തുകൾ, ജലമാർഗങ്ങൾ, പാലങ്ങൾ തുടങ്ങിയവയുടെ മരാമത്തുപണികൾക്ക് സൗജന്യസേവനം നൽകുക.

10. (A)

| ശില്പം | ശില്പി |
|---|---|
| a. ഗത്താമലാത്ത | ഡൊണാടെല്ലൊ |
| b. പിയത്ത | മൈക്കലാഞ്ചലൊ |

(B) മധ്യകാലത്ത് നിലനിന്നിരുന്ന ഗോഥിക് വാസ്തുവിദ്യാ ശൈലിയിൽനിന്നും വ്യത്യസ്തമായി ഫിലിപ്പോ ബ്രൂണലസ്കി വാസ്തുവിദ്യാരംഗത്ത് പുതിയ ശൈലിക്ക് തുടക്കംകുറിച്ചു. പ്രാചീന ഗ്രെക്കോ - റോമൻ (ക്ലാസിക്കൽ) ശൈലിയുടെ സ്വാധീനം അദ്ദേഹം ഫ്ലോറൻസിൽ നിർമ്മിച്ച കത്തീഡ്രലിൽ കാണാം. ഗോഥിക് ശൈലിയിലെ ഉയർന്ന ഗോപുരങ്ങൾക്ക് പകരം താഴികക്കുടങ്ങളായിരുന്നു (ഡ്യൂമോ) ഇവയ്ക്കുണ്ടായിരുന്നത്. മൈക്കലാഞ്ചലോ, ബ്രഹ്മാന്തെ തുടങ്ങിയവരുടെ നേതൃത്വത്തിൽ റോമിൽ പണികഴിപ്പിച്ച സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ ഈ ശൈലി കൂടുതൽ പ്രകടമാണ്.

11. ദൈനികതാപാന്തരം - ഒരു ദിവസത്തെ കൂടിയ താപനിലയും കുറഞ്ഞ താപനിലയും തമ്മിലുള്ള വ്യത്യാസമാണ് ദൈനികതാപാന്തരം.

*ദൈനികതാപാന്തരം = കൂടിയ താപനില − കുറഞ്ഞ താപനില*

ദൈനിക ശരാശരി താപനില - ഒരു ദിവസത്തെ ശരാശരി താപനിലയെയാണ് ദൈനിക ശരാശരി താപനില എന്ന് വിളിക്കുന്നത്.

$$\text{ദൈനിക ശരാശരി താപനില} = \frac{\text{കൂടിയ താപനില + കുറഞ്ഞ താപനില}}{2}$$

12. (A) വയറുനിറയുന്നതുവരെ ഭക്ഷണം കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന പ്രസ്താവന, കൗമാരക്കാർ എപ്പോഴും വിമതരും നിരുത്തരവാദ സ്വഭാവമുള്ളവരുമാണ് എന്നത് സാമാന്യബുദ്ധിയിലൂടെയുള്ള അറിവിന്റെ ഭാഗമാണ്. പോഷകാഹാരത്തെയും ആരോഗ്യത്തെയുംകുറിച്ച് വിശദമായ

ധാരണയില്ലാതെ ദൈനംദിന നിരീക്ഷണങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് ഇത്തരം പ്രസ്താവനകൾ. സാമാന്യബോധജ്ഞാനം സാധാരണയായി വിവിധ ആശയങ്ങളെക്കുറിച്ച് ഭാഗികമായ ധാരണ മാത്രമേ നൽകുന്നുള്ളൂ. ഇവയിലൂടെ രൂപപ്പെടുന്ന അറിവ് പലപ്പോഴും ശാസ്ത്രീയ നിരീക്ഷണത്തേയോ, കൃത്യമായ പഠനത്തെയോ അടിസ്ഥാനമാക്കിയുള്ളതല്ല.

(B) വ്യക്തിഗത പ്രശ്നങ്ങൾ - ദാരിദ്ര്യം, തൊഴിലില്ലായ്മ, പാർപ്പിടമില്ലായ്മ, പഠന സമ്മർദം.

സാമൂഹിക ഘടകങ്ങൾ - സാമ്പത്തിക ബുദ്ധിമുട്ടുകൾ, സാമൂഹിക ബുദ്ധിമുട്ടുകൾ, പാരിസ്ഥിതിക പ്രശ്നങ്ങൾ, ഭരണപരമായ ഘടകങ്ങൾ, രാഷ്ട്രീയമായ ഘടകങ്ങൾ, ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ.

**13.** ഭൂമധ്യരേഖയ്ക്ക് വടക്കും തെക്കുമായി 10 ഡിഗ്രി വരെയുള്ള അക്ഷാംശത്തിൽ വ്യാപിച്ചിരിക്കുന്ന കാലാവസ്ഥാമേഖലയാണ് ഭൂമധ്യരേഖാകാലാവസ്ഥാമേഖല. വർഷം മുഴുവൻ ഉയർന്ന ഉയർന്ന താപനിലയും വളരെ ഉയർന്ന തോതിലുള്ള മഴയുമാണ് ഈ മേഖലയുടെ സവിശേഷത. ഈ മേഖലയിൽ സൂര്യരശ്മികൾ വർഷം മുഴുവൻ ഏറെക്കുറെ ലംബമായി പതിക്കുന്നു. ഇത് ഉയർന്ന വായു സംവഹനത്തിനും സംവഹനമഴയ്ക്കും കാരണമാകുന്നു. ഈ പ്രദേശങ്ങളിൽ എല്ലാദിവസവും ഉച്ചയ്ക്കുശേഷം മഴ ലഭിക്കുന്നു. ഉയർന്ന താപനിലയും ഉയർന്ന തോതിലുള്ള മഴയും ലഭിക്കുന്നതിനാൽ ഭൂമധ്യരേഖാകാലാവസ്ഥാമേഖലയിൽ നിത്യഹരിതവനങ്ങൾ ധാരാളമായി കാണപ്പെടുന്നു.

**14.** ഫ്രാൻസിലെ മൂന്നാം എസ്റ്റേറ്റിന്റെ പ്രതിനിധികളുടെ മൂന്ന് സഭകളും ഒരുമിച്ച് സമ്മേളിക്കണമെന്ന ആവശ്യം നിരാകരിച്ചതിന്റെ ഫലമായി മൂന്നാം എസ്റ്റേറ്റിലെ അംഗങ്ങൾ തങ്ങളാണ് ഫ്രാൻസിന്റെ യഥാർഥ ജനപ്രതിനിധികൾ എന്ന് പ്രഖ്യാപിക്കുകയും തങ്ങളുടെ സഭയെ ഫ്രഞ്ച് ദേശീയസഭ എന്ന് വിളിക്കുകയും ചെയ്തു. തുടർന്ന് ഴാങ് - സിൽവിയൻ ബൈലി, അബ്ബേസീയെസ്, മിറാബോ തുടങ്ങിയവരുടെ നേതൃത്വത്തിൽ തൊട്ടടുത്തുണ്ടായിരുന്ന ടെന്നീസ് കോർട്ടിൽ മൂന്നാം എസ്റ്റേറ്റിലെ പ്രതിനിധികൾ സമ്മേളിച്ചു. ഒരു വ്യവസ്ഥാപിത ഭരണഘടന ഉണ്ടാകുന്നതുവരെ തങ്ങൾ പിരിഞ്ഞുപോവുകയില്ലെന്ന് അവർ പ്രഖ്യാപിച്ചു. ഇത് പിൽക്കാലത്ത് ടെന്നീസ് കോർട്ട് പ്രതിജ്ഞ എന്നറിയപ്പെട്ടു. ദേശീയസഭയുടെ ഈ സമ്മേളനമാണ് പിൽക്കാലത്ത് ടെന്നീസ് കോർട്ട് അസംബ്ലി എന്ന പേരിൽ വിഖ്യാതമായത്.

Downloaded From: https://textbooksall.blogspot.com/

**15.** a. ക്യോട്ടോ പ്രോട്ടോക്കോൾ - അന്തരീക്ഷത്തിൽ ഹരിതഗൃഹവാതകങ്ങളുടെ അളവ് പരിമിതപ്പെടുത്തുക എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ 1997- ൽ ജപ്പാനിലെ ക്യോട്ടോയിൽവെച്ച് രാജ്യങ്ങൾ തമ്മിൽ ഉണ്ടാക്കിയ അന്താരാഷ്ട്ര ഉടമ്പടി. വികസിത രാജ്യങ്ങൾക്ക് ഹരിതഗൃഹ വാതക പുറന്തള്ളൽ കുറയ്ക്കുന്നതിൽ നിയമപരമായ ബാധ്യതകൾ നിശ്ചയിച്ച ഈ ഉടമ്പടി 2005- ലാണ് പ്രാബല്യത്തിൽവന്നത്.

b. മോൺട്രിയൽ പ്രോട്ടോക്കോൾ - ഓസോൺ പാളിക്ക് നാശംവരുത്തുന്ന പദാർത്ഥങ്ങളുടെ അളവ് പരിമിതപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 1987- ൽ കാനഡയിലെ മോൺട്രിയയിൽ രാജ്യങ്ങൾ തമ്മിൽ ഉണ്ടാക്കിയ ഉടമ്പടി. 1989- ൽ ഈ ഉടമ്പടി പ്രാബല്യത്തിൽവന്നു.

**16.** ഉഷ്ണകാലത്ത് ദക്ഷിണേഷ്യൻ വൻകര, പ്രത്യേകിച്ച് ഇന്ത്യൻ ഉപഭൂഖണ്ഡം വൻതോതിൽ ചൂടുപിടിക്കുന്നതിനാൽ ശക്തമായ ന്യൂനമർദം രൂപപ്പെടുന്നു. താരതമ്യേന ഉയർന്ന മർദമുള്ള ഇന്ത്യൻ സമുദ്രത്തിൽനിന്നും മർദം കുറഞ്ഞ വൻകരഭാഗത്തേയ്ക്ക് കാറ്റ് വീശുന്നു. കോറിയോലിസ് പ്രഭാവത്താൽ തെക്കുപടിഞ്ഞാറ് നിന്നും വീശുന്ന ഈ കാറ്റുകൾ കരയിൽ പ്രവേശിക്കുന്നതോടെ പലയിടങ്ങളിലും വ്യാപകമായി മഴ ലഭിക്കുന്നു. ഇതാണ് തെക്കുപടിഞ്ഞാറൻ മൺസൂൺ.

**17.** നവോത്ഥാനം വൈദ്യശാസ്ത്രരംഗത്ത് പൊതുവെയും ശരീരശാസ്ത്രരംഗത്ത് പ്രത്യേകിച്ചും നേട്ടങ്ങൾ കൈവരിച്ചു. സ്വിറ്റ്സർലണ്ടുകാരനായ പാരസെൽസസ് രോഗങ്ങളുടെ കാരണങ്ങൾ അന്വേഷിക്കുകയും അവയുടെ പ്രതിവിധികൾ കണ്ടെത്താൻ ശ്രമിക്കുകയും ചെയ്തു. ആൻഡ്രിയസ് വെസാലിയസ് മൃതശരീരങ്ങളെ കീറിമുറിച്ച് പരിശോധിക്കുകയും ശരീരശാസ്ത്രത്തിന് പുതിയ അറിവുകൾ സമ്മാനിക്കുകയും ചെയ്തു.

**18.** a. ഉപയുക്തത - ഒരു വസ്തു ഉപഭോഗം ചെയ്യുമ്പോൾ അതിൽനിന്നും ലഭിക്കുന്ന സംതൃപ്തിയെ ഉപയുക്തത എന്ന് പറയുന്നു.യൂട്ടിൽസ് എന്ന യൂണിറ്റ് ഉപയോഗിച്ചാണ് ഉപയുക്തത അളക്കുന്നത്.

b. മൊത്തം ഉപയുക്തത - ഒരു വസ്തുവിന്റെ പല യൂണിറ്റുകൾ തുടർച്ചയായി ഉപയോഗിക്കുമ്പോൾ അതിൽനിന്ന് ഒരു വ്യക്തിക്ക് ലഭിക്കുന്ന ഉപയുക്തതയുടെ ആകെ തുകയാണ് മൊത്തം ഉപയുക്തത.

c. സീമാന്ത ഉപയുക്തത - ഒരു വസ്തുവിന്റെ ഒരു അധികയൂണിറ്റ്

ഉപഭോഗം ചെയ്യുമ്പോൾ മൊത്തം ഉപയുക്തതയിൽ ഉണ്ടാകുന്ന മാറ്റത്തെ സീമാന്ത ഉപയുക്തത എന്ന് പറയുന്നു.

**19.** താരതമ്യേന വളക്കൂറുള്ള മണ്ണാണ് സാവന്ന കാലാവസ്ഥാമേഖലയിൽ കാണപ്പെടുന്നതെങ്കിലും മഴ കുറവായതിനാൽ ജലം അധികം ആവശ്യമില്ലാത്ത കൃഷിരീതിയാണ് അവലംബിക്കുന്നത്. മൃഗപരിപാലനം, കൃഷി തുടങ്ങിയവയാണ് ഈ പ്രദേശത്തെ ജനങ്ങളുടെ ഉപജീവനമാർഗങ്ങൾ. സാവന്നാപ്രദേശത്ത് ജനസാന്ദ്രത പൊതുവെ കുറവാണ്. ആഫ്രിക്കൻ സാവന്നയിലെ തദ്ദേശീയ ഗോത്രവിഭാഗമായ മസായികൾ ഇടയജീവിതം നയിക്കുന്നു. യൂറോപ്യൻ കോളനികളായിരുന്ന രാജ്യങ്ങളിലെ സാവന്നാ പ്രദേശങ്ങളിൽ വിപുലമായ രീതിയിൽ നാണ്യവിളകൾ കൃഷി ചെയ്യുന്നു. സുഡാനിലെ പരുത്തികൃഷി, ബ്രസീലിലെ കാപ്പികൃഷി എന്നിവ ഉദാഹരണങ്ങളാണ്.

**20.** (A) നെപ്പോളിയന്റെ പരാജയത്തിനുശേഷം യൂറോപ്പിലെ രാജ്യങ്ങൾ **1815**- ൽ ഓസ്ട്രിയയിലെ വിയന്നയിൽ യോഗം ചേർന്ന് ചില സുപ്രധാന തീരുമാനങ്ങൾ കൈക്കൊണ്ടു. യൂറോപ്പിലെ രാജ്യങ്ങളിൽ ഫ്രഞ്ച് വിപ്ലവത്തിന് മുമ്പുള്ള രാജഭരണം പുനഃസ്ഥാപിക്കുക, ഫ്രാൻസിൽ ബൂർബൺ രാജഭരണം പുനഃസ്ഥാപിക്കുക, ബ്രിട്ടന്റെ നാവികമേധാവിത്വവും റഷ്യയുടെ കിഴക്കൻ യൂറോപ്പിലെ ആധിപത്യവും അംഗീകരിക്കുക, മധ്യയൂറോപ്പിൽ ഓസ്ട്രിയയുടെ മേധാവിത്വം അംഗീകരിക്കുക തുടങ്ങിയ തീരുമാനങ്ങൾ യൂറോപ്പിന്റെ രാഷ്ട്രീയ മേഖലയിൽ വലിയ മാറ്റങ്ങൾക്ക് വഴിതെളിച്ചു.

(B) ബ്രിട്ടനുമായി ഫ്രാൻസ് ഒപ്പുവച്ച കച്ചവടക്കരാർ പ്രകാരം ബ്രിട്ടീഷ് ഉൽപന്നങ്ങളുടെമേലുള്ള ഇറക്കുമതി തീരുവയിൽ വലിയ കുറവുണ്ടായി. ഇതോടെ ഫ്രഞ്ച് വിപണിയിൽ ബ്രിട്ടീഷ് ഉൽപന്നങ്ങൾ വന്നുനിറയുകയും ഫ്രാൻസിലെ കരകൗശലത്തൊഴിലാളികൾ തൊഴിൽരഹിതരാവുകയും ചെയ്തു. ഇങ്ങനെ അസംതൃപ്തരായ കർഷകരും കരകൗശലത്തൊഴിലാളികളും മറ്റ് കൈത്തൊഴിലുകാരും ഭരണകൂടത്തിനെതിരെ തെരുവിലിറങ്ങി. ഫ്രാൻസിന്റെ സാമ്പത്തിക പരാധീനത മറികടക്കുന്നതിനായി ബാങ്കർമാരിൽനിന്നും വൻതുകകൾ ലൂയി പതിനാറാമൻ വായ്പകളായി സ്വീകരിച്ചിരുന്നു. സർക്കാർ ഈ വായ്പകൾക്ക് പകരമായി ബോണ്ടുകൾ നൽകിയിരുന്നു. ഫ്രഞ്ച് സർക്കാരിന്റെ ഖജനാവ് ശൂന്യമായത് ബാങ്കർമാരെ വായ്പ നൽകുന്നതിൽനിന്ന് പിന്തിരിപ്പിച്ചു. രാജ്യത്തെ ജനങ്ങൾക്കെല്ലാവർക്കും നികുതിഭാരം ഒരേപോലെ ആയിരിക്കണം എന്ന് ഇവർ ആവശ്യപ്പെട്ടു.

നികുതി ചുമത്തുന്നതിൽ നിലനിന്നിരുന്ന അസമത്വമായിരുന്നു ബാങ്കർമാരടങ്ങുന്ന മധ്യവർഗം ഫ്രഞ്ച് ഭരണകൂടത്തിനെതിരാകുവാനുള്ള പ്രധാന കാരണങ്ങളിൽ ഒന്ന്.

21. കൃഷിയും മൃഗപരിപാലനവുമാണ് മരുഭൂമികളിലെ പ്രധാന ഉപജീവനമാർഗം. സാമ്പത്തികമൂല്യമുള്ള ധാതുക്കളുടെ സാന്നിധ്യമാണ് മരുഭൂമികളിൽ ജനജീവിതം പ്രോത്സാഹിപ്പിക്കുന്ന ഒരു പ്രധാന ഘടകം. ആസ്ട്രേലിയയിലെ സ്വർണഖനനവും അറ്റക്കാമമരുഭൂമിയിലെ ചെമ്പ് ഖനനവും ഉദാഹരണങ്ങളാണ്. സഹാറ മരുഭൂമിയിലെയും അറേബ്യൻ മരുഭൂമിയിലെയും പെട്രോളിയം നിക്ഷേപം തിരിച്ചറിയുകയും ഖനനം ആരംഭിക്കുകയും ചെയ്തതോടെ ഈ മേഖലയുടെ മുഖച്ഛായതന്നെ മാറി.

22. വ്യക്തിപരമായ അനുഭവങ്ങൾ, സാമൂഹിക ഇടപെടലുകൾ, സാംസ്കാരിക അറിവുകൾ എന്നിവയിലൂടെ വ്യക്തികൾ ലോകത്തെക്കുറിച്ച് നേടുന്ന അടിസ്ഥാന ദൈനംദിന ധാരണയാണ് സാമാന്യബോധജ്ഞാനം.

വ്യക്തിഗത അനുഭവങ്ങളിലൂടെയും, പൊതുനിരീക്ഷണങ്ങളിലൂടെയും, സാമൂഹികരണത്തിലൂടെയും, സാംസ്കാരിക അറിവുകളിലൂടെയുമാണ് സാമാന്യബോധജ്ഞാനം ഉണ്ടാകുന്നത്.

23. മനുഷ്യൻ തന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സാധനങ്ങളും സേവനങ്ങളും വാങ്ങി ഉപയോഗിക്കുന്നതിനെ ഉപഭോഗം എന്നുപറയുന്നു. സാധനങ്ങളുടെ വില, ഗുണനിലവാരം, ഉപഭോക്താവിന്റെ വരുമാനം, ചോദനം, പ്രദാനം, അഭിരുചി എന്നിവയാണ് ഉപഭോഗത്തെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങൾ.

24. (A) മധ്യകാല ക്രൈസ്തവ പാരമ്പര്യത്തിൽനിന്നും മതേതര ജീവിതത്തിലേക്കും ചിന്തയിലേക്കുമുള്ള മാറ്റം ചരിത്രരചനയിൽ പ്രതിഫലിച്ചു. ചരിത്രസംഭവങ്ങൾ ദൈവസൃഷ്ടിയാണെന്നും ചരിത്രത്തിന്റെ ഗതി നിർണ്ണയിക്കുന്നത് ഒരു അതീന്ദ്രിയശക്തിയാണെന്നുമുള്ള കാഴ്ചപ്പാടാണ് മധ്യകാലത്ത് നിലനിന്നിരുന്നത്. എന്നാൽ ഈ കാഴ്ചപ്പാടിന് നവോത്ഥാനകാലത്ത് പ്രസക്തി നഷ്ടപ്പെട്ടു. മനുഷ്യകേന്ദ്രീകൃതമായ ചരിത്രവ്യാഖ്യാനങ്ങൾക്ക് അംഗീകാരം ലഭിക്കാൻ തുടങ്ങി. സന്യാസിമാരുടെ ദിനവൃത്താന്തങ്ങൾക്കും, പുരോഹിതരുടെ ജീവിതകഥകൾക്കും ഉപരിയായി മനുഷ്യജീവിതം ചരിത്രരചനയുടെ കേന്ദ്രബിന്ദുവായിമാറി.

പുരാവസ്തുതെളിവുകൾക്കും ശേഷിപ്പുകൾക്കും ചരിത്ര രചനയിൽ സുപ്രധാനമായ സ്ഥാനം ലഭിച്ചതാണ് നവോത്ഥാനകാല ചരിത്രരചനയുടെ മറ്റൊരു പ്രധാന സവിശേഷത. തൽഫലമായി ചരിത്രകാരർ ലിഖിത ങ്ങൾ, നാണയങ്ങൾ, പ്രാചീന കൈയെഴുത്തുപ്രതികൾ തുടങ്ങിയ തെളിവുകൾക്ക് ചരിത്രരചനയിൽ സവിശേഷസ്ഥാനം നൽകി. പ്രാചീന കൈയെഴുത്തുപ്രതികൾ ശേഖരിക്കാനും സംരക്ഷിക്കാനുമുള്ള ശ്രമങ്ങൾ കൂടുതൽ ഊർജിതമായി.

(B) പതിനാലാം നൂറ്റാണ്ടിന്റെ മധ്യത്തിൽ പൊട്ടിപ്പുറപ്പെട്ട ബ്യൂബോണിക് പ്ലേഗ് എന്ന മഹാമാരി ഇറ്റാലിയൻ നഗരങ്ങളെ സാരമായി ബാധിച്ചു. ബ്ലാക്ക് ഡെത്ത് എന്നറിയപ്പെടുന്ന ഈ ദുരന്തത്തിൽ വൻതോതിൽ ജനങ്ങൾ മരണപ്പെട്ടത് തൊഴിലാളികളുടെ ലഭ്യതയിൽ കുറവുണ്ടാക്കി. ഇത് കാർഷികമേഖലയെ ആശ്രയിച്ച് നിലനിന്നിരുന്ന മധ്യകാല ഫ്യൂഡൽ വ്യവസ്ഥയുടെ തകർച്ചയ്ക്കും വാണിജ്യകേന്ദ്രീകൃതമായ ഒരു മധ്യവർഗത്തിന്റെ വളർച്ചയ്ക്കും വഴിയൊരുക്കി. നിലവിലുണ്ടായിരുന്ന മരുന്നുകൾ പ്ലേഗിനെ ചെറുക്കുന്നതിൽ പരാജയപ്പെട്ടപ്പോൾ പ്രാചീന ഗ്രീസിലെയും റോമിലെയും വൈദ്യശാസ്ത്രത്തെക്കുറിച്ച് കൂടുതൽ പഠിക്കാൻ തുടങ്ങി. പ്ലേഗിന്റെ ഭീകരത മനുഷ്യനെ ജീവിതത്തിന്റെ നൈമിഷികതയെയും അനിശ്ചിതത്വത്തെയും കുറിച്ച് ചിന്തിക്കാനും സുഖങ്ങളെക്കുറിച്ചന്വേഷിക്കാനും തങ്ങളെക്കുറിച്ചുതന്നെ ചിന്തിക്കാനും പ്രേരിപ്പിച്ചു. ഇത് മാനവികതയിലേക്ക് വഴിതുറന്നു.

25. (A) ഉല്പന്നങ്ങളെല്ലാം ഒരേ ഗുണമേന്മയുള്ളതായിരിക്കണം, ഉപഭോക്താവിന്റെ വരുമാനം, അഭിരുചി എന്നിവ സ്ഥിരമായിരിക്കണം എന്നിവയാണ് അപചയ സീമാന്ത ഉപയുക്തത നിയമത്തിന്റെ അനുമാനങ്ങൾ.

ഉപഭോഗം തുടർച്ചയുള്ളതായിരിക്കണം, മറ്റ് സാധനങ്ങളുടെ ഉപഭോഗം നിജപ്പെടുത്തിയിരിക്കണം, യൂണിറ്റുകൾ നിശ്ചിത അളവിലും ഗുണത്തിലും ഉള്ളവയായിരിക്കണം എന്നിവയാണ് അപചയ സീമാന്ത ഉപയുക്തത നിയമത്തിന്റെ പരിമിതികൾ.

(B) ഉപഭോഗ സാധനങ്ങൾ - ജനങ്ങൾ തങ്ങളുടെ ആവശ്യങ്ങളും ലക്ഷ്യങ്ങളും നിറവേറ്റുന്നതിനായി അന്തിമമായി ഉപയോഗിക്കുന്ന ഉല്പന്നങ്ങളാണ് ഉപഭോഗസാധനങ്ങൾ. വിലയെ അടിസ്ഥാനമാക്കി ക്രയവിക്രയം നടത്തുന്ന ഇവ ഉൽപാദന പ്രക്രിയയ്ക്ക് വീണ്ടും വിധേയമാകാത്തവയാണ്.

മൂലധന സാധനങ്ങൾ - മറ്റ് ഉല്പന്നങ്ങളും സേവനങ്ങളും ഉല്പാദിപ്പിക്കാനായി നിർമ്മിക്കപ്പെട്ട സാധനങ്ങളാണ് മൂലധന സാധനങ്ങൾ. മൂലധനസാധനങ്ങൾ ഉല്പാദനപ്രക്രിയയെ സഹായിക്കുന്നതോടൊപ്പം ചിലപ്പോൾ ഉപഭോഗ സാധനങ്ങളായും ഉപയോഗിക്കാറുണ്ട്. അങ്ങനെ ഉപയോഗിക്കുമ്പോൾ അവ മൂലധനസാധനങ്ങളാവില്ല.

26. (A)

a. സമതാപരേഖകൾ
b. ഭൂമധ്യരേഖയിൽനിന്ന് ധ്രുവങ്ങളിലേക്ക് പോകുന്തോറും താപനില കുറയുന്നു.
c. കരയും കടലും അസന്തുലിതമായി ചൂടുപിടിക്കുന്നതുകൊണ്ടാണ് വൻകരകളും സമുദ്രങ്ങളും ചേരുന്ന ഇടങ്ങളിൽ സമതാപരേഖകൾ പ്രകടമായി വളയുന്നത്.

(B) ചക്രവാതങ്ങൾ

ന്യൂനമർദകേന്ദ്രങ്ങളിലേക്ക് ചുറ്റുപാടുകളിൽനിന്നും ശക്തമായി കാറ്റ് ചുഴറ്റിവീശുന്ന വ്യവസ്ഥകളാണ് ചക്രവാതങ്ങൾ. ഉഷ്ണമേഖലയിൽ രൂപംകൊള്ളുന്ന ചക്രവാതങ്ങൾക്ക് മിതോഷ്ണമേഖലാചക്രവാതങ്ങളെ അപേക്ഷിച്ച് വ്യാപ്തി കുറവാണെങ്കിലും കൂടുതൽ വിനാശകാരികളാണ്. ഉഷ്ണമേഖലയിലെ സമുദ്രങ്ങൾക്ക് മുകളിലാണ് ഉഷ്ണമേഖലാചക്രവാതങ്ങൾ രൂപംകൊള്ളുന്നത്. ഉത്തരാർധഗോളത്തിൽ വടക്കുപടിഞ്ഞാറ് ദിശയിൽ നീങ്ങുന്ന ഉഷ്ണമേഖലാചക്രവാതങ്ങൾ തീരം തൊടുന്നതോടെ നിർജീവമാകുന്നു. കരയിലെ താപസാഹചര്യങ്ങൾ കടലിൽനിന്നും വ്യത്യസ്തമായതും കരയിൽ ഘർഷണം കൂടുതലായതുമാണ് ഉഷ്ണമേഖലാചക്രവാതങ്ങൾ കരയിൽ കയറുന്നതോടെ നിർജീവമാകാൻ കാരണം. തീരദേശങ്ങളിൽ അതിശക്തമായ ചുഴലിക്കാറ്റുകൾക്കും മഴയ്ക്കും കാരണമാകുന്ന ഉഷ്ണമേഖലാചക്രവാതങ്ങളെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഹരികെയ്ൻസ്, ടൈഫൂൺസ്, വില്ലിവില്ലീസ്, ടൊർണാഡോ തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്നു. മിതോഷ്ണമേഖലയിൽ ഉഷ്ണവായുവും ശീതവായുവും സന്ധിക്കുന്ന വാതമുഖങ്ങളിലാണ് മിതോഷ്ണമേഖല ചക്രവാതങ്ങൾ ജന്മമെടുക്കുന്നത്. ഉഷ്ണമേഖലാചക്രവാതങ്ങളെ അപേക്ഷിച്ച് മിതോഷ്ണ ചക്രവാതങ്ങളുടെ വ്യാപ്തി കൂടുതലാണെങ്കിലും ഇത് വിനാശകാരികളല്ല.

27. വിദ്യാഭ്യാസരംഗം - വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു. ലിസെയ് എന്ന പേരിൽ സർക്കാർ നിയന്ത്രണത്തിലുള്ള വിദ്യാലയങ്ങൾ സ്ഥാപിച്ചു. സർക്കാർ സർവീസിലേക്കും സൈന്യത്തിലേക്കും വിദ്യാസമ്പന്നരെ സൃഷ്ടിക്കുകയായിരുന്നു ലക്ഷ്യം. യൂണിവേഴ്സിറ്റി ഓഫ് ഫ്രാൻസ് എന്ന പേരിൽ ഒരു ദേശീയ സർവകലാശാലാസമ്പ്രദായം ആരംഭിച്ചു. ഈ സംവിധാനത്തിലൂടെ രാജ്യത്തെ വിദ്യാഭ്യാസരംഗത്തെ നിയന്ത്രിച്ചു.

നിയമരംഗം - നെപ്പോളിയന്റെ നിയമസംഹിത ഫ്യൂഡൽ നിയമങ്ങൾ അവസാനിപ്പിക്കുകയും സമത്വവും മതസ്വാതന്ത്ര്യവും അംഗീകരിക്കുകയും ചെയ്തു.

28. * ഭാഗികമായ അറിവുകൾ മാത്രം നൽകുന്നു.
* ശീലങ്ങളെയോ ഊഹാപോഹങ്ങളെയോ ആശ്രയിക്കുന്നു.
* വാർപ്പുമാതൃകകളെ അടിസ്ഥാനമാക്കുന്നു.
* ശാസ്ത്രീയമായ നിരീക്ഷണങ്ങളുടെയോ പഠനങ്ങളുടെയോ അടിസ്ഥാനമില്ല.

29. a. മൺസൂൺ കാലാവസ്ഥാമേഖല

b. സാവന്ന കാലാവസ്ഥാമേഖല

c. അറ്റക്കാമ

d. പ്രയറി




**30.** (A) നവോത്ഥാനത്തിന്റെ സ്വാധീനം യൂറോപ്പിലെ മതരംഗത്തും പ്രതിഫലിച്ചു. ഇറാസ്മസിനെപോലുള്ള മാനവികതാവാദികൾ രചിച്ച ആക്ഷേപഹാസ്യ കൃതികളും, ജോൺവൈക്ലിഫ്, ജോൺഹസ്സ്, സവോനറോള തുടങ്ങിയവരുടെ വിമർശനങ്ങളും കത്തോലിക്കാസഭയിൽ നിലനിന്നിരുന്ന ചില പ്രവണതകൾക്കും വിശ്വാസങ്ങൾക്കും എതിരായി പ്രതിഷേധങ്ങൾ രൂപംകൊള്ളുന്നതിന് പശ്ചാത്തലമൊരുക്കി. ജനങ്ങളിൽനിന്നും പണം സമാഹരിക്കാനായി പുറത്തിറക്കിയ പാപവിമോചനപത്രത്തിന്റെ വില്പനയായിരുന്നു അക്കാലത്ത് ഏറ്റവും കൂടുതൽ പ്രതിഷേധം ക്ഷണിച്ചുവരുത്തിയത് പാപവിമോചനപത്രം പണം നൽകി വാങ്ങിയാൽ പാപങ്ങളിൽനിന്നും മോചനംനേടാം എന്ന് മതനേതൃത്വം ജനങ്ങളോട് ആഹ്വാനം ചെയ്തു. പാപവിമോചനപത്രത്തിന്റെ വില്പനയിൽ പ്രതിഷേധിച്ച് ജർമ്മനിയിലെ വിറ്റൻബർഗ് ദേവാലയത്തിന്റെ വാതിലിൽ 1517-ൽ മാർട്ടിൻ ലൂഥർ എന്ന പുരോഹിതൻ തന്റെ 95 പ്രബന്ധങ്ങൾ പതിപ്പിച്ചു. ഇത് പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനം എന്ന മതനവീകരണപ്രസ്ഥാനത്തിന്റെ ആരംഭമായി കണക്കാക്കുന്നു. ഒരു ആശയപരമായ സംവാദം മാത്രമാണ് മാർട്ടിൻ ലൂഥർ ഇതിലൂടെ ലക്ഷ്യമിട്ടത്. ജർമ്മനിയിലെ സർവകലാശാലകളും മതനവീകരണത്തിന് പശ്ചാത്തലമൊരുക്കി. മാർട്ടിൻ ലൂഥറുടെ പ്രൊട്ടസ്റ്റന്റ് മതനവീകരണത്തിന് കേന്ദ്രമായി പ്രവർത്തിച്ചത് അദ്ദേഹം അധ്യാപകനായിരുന്ന ജർമ്മനിയിലെ വിറ്റൻബർഗ്

സർവകലാശാലയായിരുന്നു. പുരോഹിതരുടെയും മതകോടതികളുടെയും അധികാരത്തെ നിയന്ത്രിക്കാൻ ആഗ്രഹിച്ച ഭരണാധികാരികളുടെ താൽപര്യങ്ങളും മതനവീകരണത്തിന് കരുത്ത് പകർന്നു. ജർമ്മനിയിൽ ആരംഭിച്ച മതനവീകരണം മറ്റ് യൂറോപ്യൻ രാജ്യങ്ങളിലേക്ക് വ്യാപിച്ചു. സ്വിറ്റ്സർലണ്ടിൽ ഉൾറിച്ച് സ്വിംഗ്ളി, ജോൺകാൽവിൻ എന്നിവരും ഇംഗ്ലണ്ടിൽ രാജാവായ ഹെൻറി എട്ടാമനമാണ് മതനവീകരണത്തിന് നേതൃത്വം നൽകിയത്. ഇംഗ്ലണ്ടിൽ രാജാവ് തലവനായ ആംഗ്ലിക്കൻസഭ നിലവിൽവന്നു. ഇത് ദേശീയസഭ എന്നറിയപ്പെട്ടു.

(B) ഫ്രാൻസിൽ നിലനിന്നിരുന്ന സ്വേച്ഛാധിപത്യ രാഷ്ട്രീയവ്യവസ്ഥയ്ക്ക് എതിരെയായി ജനമുന്നേറ്റം ഉയർന്നുവന്നു പതിറ്റാണ്ടുകളായി ഫ്രാൻസ് ഭരിച്ചിരുന്നത് ബൂർബൺ രാജവംശമായിരുന്നു. ഈ രാജവംശത്തിലെ ഭരണാധികാരികളെല്ലാം പൊതുവെ സ്വേച്ഛാധിപതികളായിരുന്നു. രാജാധികാരം ദൈവദത്തമാണ് എന്നായിരുന്നു അവർ വിശ്വസിച്ചിരുന്നത്. എസ്റ്റേറ്റ്സ് ജനറൽ എന്ന പേരിൽ ഒരു പാർലമെന്റ് ഉണ്ടായിരുന്നുവെങ്കിലും ദീർഘകാലമായി അത് വിളിച്ചുചേർക്കാതെയാണ് ഭരണം നടത്തിയിരുന്നത്. ബൂർബൺ രാജാക്കന്മാരിൽ പ്രധാനിയായിരുന്നു ' ഞാനാണ് രാഷ്ട്രം' എന്ന് പ്രഖ്യാപിച്ച ലൂയി പതിനാലാമൻ. അദ്ദേഹത്തെ തുടർന്ന് അധികാരത്തിൽ വന്ന എല്ലാ രാജാക്കന്മാരും ധൂർത്തും ധാരാളിത്തവും പിന്തുടർന്നു. ഇതിലൂടെ ഫ്രാൻസിലെ ഭരണാധികാരികൾ ജനങ്ങൾക്ക് അപ്രിയരായിത്തീർന്നു. പതിനെട്ടാം നൂറ്റാണ്ടിലെ ഫ്രഞ്ച് സമൂഹം മൂന്ന് എസ്റ്റേറ്റുകളായി വിഭജിക്കപ്പെട്ടിരുന്നു. പുരോഹിതർ ഒന്നാം എസ്റ്റേറ്റിലും, പ്രഭുക്കൾ രണ്ടാം എസ്റ്റേറ്റിലും, സാധാരണക്കാർ മൂന്നാം എസ്റ്റേറ്റിലും ഉൾപ്പെട്ടിരുന്നു. ജനസംഖ്യയുടെ ഭൂരിഭാഗവും ഉൾക്കൊണ്ടിരുന്ന മൂന്നാമത്തെ എസ്റ്റേറ്റിലെ ജനങ്ങൾ ദാരിദ്ര്യത്തിലാണ് ജീവിച്ചിരുന്നത്. അവർ പലവിധ ചൂഷണങ്ങൾക്കും വിധേയരായിരുന്നു. 1770 കളിൽ ഫ്രാൻസിലെ കാർഷികരംഗം കടുത്ത പ്രതിസന്ധി നേരിട്ടു. ഉൽപാദനത്തിലെ കുറവായിരുന്നു ഇതിന് കാരണമായത്. ഇത് ധാന്യങ്ങളുടെയും റൊട്ടിയുടെയും വിലവർധനവിന് കാരണമായി. തീറ്റപ്പുല്ലിനുണ്ടായ കടുത്ത ക്ഷാമം കന്നുകാലി സമ്പത്തിൽ വലിയ കുറവുണ്ടാക്കി. ജനസംഖ്യയുടെ മൂന്നിലൊന്ന് ഭാഗത്തെ ഈ പ്രശ്നം പ്രതികൂലമായി ബാധിച്ചു. ബ്രിട്ടനുമായി ഫ്രാൻസ് ഒപ്പുവച്ച കച്ചവടക്കരാർ പ്രകാരം ബ്രിട്ടീഷ് ഉൽപന്നങ്ങളുടെമേലുള്ള ഇറക്കുമതി തീരുവയിൽ വലിയ കുറവുണ്ടായി. ഇതോടെ ഫ്രഞ്ച് വിപണിയിൽ ബ്രിട്ടീഷ് ഉൽപന്നങ്ങൾ വന്നുനിറയുകയും ഫ്രാൻസിലെ

കരകൗശലത്തൊഴിലാളികൾ തൊഴിൽരഹിതരാവുകയും ചെയ്തു. ഇങ്ങനെ അസംതൃപ്തരായ കർഷകരും കരകൗശലത്തൊഴിലാളികളും മറ്റ് കൈത്തൊഴിലുകാരും ഭരണകൂടത്തിനെതിരെ തെരുവിലിറങ്ങി.

31. (A) * താപം മർദത്തിന് വിപരീതാനുപാതത്തിലാണ്. അതുകൊണ്ട് ഭൗമോപരിതലത്തിൽ ഏറ്റവും കുറഞ്ഞ അന്തരീക്ഷമർദം ഭൂമധ്യരേഖാപ്രദേശങ്ങളിലും ഏറ്റവും കൂടുതൽ ധ്രുവപ്രദേശങ്ങളിലുമായിരിക്കും. അതായത് മധ്യരേഖയിൽനിന്നും ധ്രുവങ്ങൾക്കഭിമുഖമായി മർദം ക്രമേണ കൂടിവരേണ്ടതുണ്ട്. എന്നാൽ ചിലയിടങ്ങളിൽ ഭൂഭ്രമണത്തിന്റേതായ സ്വാധീനത്താൽ മർദസാഹചര്യങ്ങൾ വ്യത്യാസപ്പെടുന്നു. ചില പ്രത്യേക അക്ഷാംശമേഖലകൾ കേന്ദ്രീകരിച്ച് പ്രത്യേക മർദമേഖലകൾ രൂപപ്പെടുന്നു. ഇവയെ ആഗോളമർദമേഖലകൾ എന്ന് വിളിക്കുന്നു.

* ഭൂമധ്യരേഖാപ്രദേശത്തെ ഉയർന്ന താപനില കാരണം വായു ചൂടായി വികസിച്ചുയരുന്നതാണ് ഭൂമധ്യരേഖാന്യൂനമർദമേഖല രൂപം കൊള്ളാൻ കാരണം. ലംബദിശയിൽ വായുപ്രവാഹമുണ്ടാകുന്ന ഈ മേഖലയിൽ കാറ്റുകൾ വീശുന്നില്ല. കാറ്റുകൾ ഇല്ലാത്ത മേഖല എന്ന അർഥത്തിൽ ഈ മർദമേഖലയെ നിർവാതമേഖല എന്ന് വിളക്കുന്നു.

* മധ്യരേഖാപ്രദേശത്തുനിന്നും വികസിച്ചുയരുന്ന വായു ഉയർന്ന വിതാനത്തിൽ ധ്രുവങ്ങൾക്കഭിമുഖമായി കാറ്റായി വീശുകയും ക്രമേണ തണുത്ത് 30 ഡിഗ്രി തെക്ക് 30 ഡിഗ്രി വടക്ക് അക്ഷാംശമേഖലകളിൽ താഴ്ന്നിറങ്ങുകയും ചെയ്യുന്നതിനാൽ ഉപോഷ്ണഉച്ചമർദമേഖലകൾ രൂപപ്പെടുന്നു.

(B) വരണ്ട വേനൽക്കാലവും ആർദ്രശൈത്യകാലവും അനുഭവപ്പെടുന്ന പ്രദേശമാണ് മെഡിറ്ററേനിയൻ കാലാവസ്ഥാ മേഖല. വേനൽകാലത്ത് ഏകദേശം 20 ഡിഗ്രി സെൽഷ്യസ് മുതൽ 25 ഡിഗ്രി സെൽഷ്യസ് വരെ താപനില അനുഭവപ്പെടുന്നു. ശൈത്യകാലത്ത് 10 ഡിഗ്രി സെൽഷ്യസ് മുതൽ 16 ഡിഗ്രി സെൽഷ്യസ് വരെയാണ് ഉയർന്ന താപനില. ശൈത്യകാലത്ത് 35 സെന്റിമീറ്റർ മുതൽ 75 സെന്റിമീറ്റർ വരെ മഴ ലഭിക്കുന്നു എന്നതാണ് ഈ മേഖലയെ മറ്റ് കാലാവസ്ഥാമേഖലകളിൽനിന്നും വ്യത്യസ്തമാക്കുന്നത്. ഇവിടങ്ങളിലെ ശൈത്യകാലമഴ ശീതകാലവിളകൾക്ക് ഏറെ പ്രയോജനപ്രദമാണ്. മെഡിറ്ററേനിയൻ കടലിന്റെ തീരങ്ങൾക്ക് പുറമെ 30 ഡിഗ്രി മുതൽ 45 ഡിഗ്രി വരെ അക്ഷാംശങ്ങൾക്കിടയിൽ മറ്റ് ചില പ്രദേശങ്ങളിലും സമാന കാലാവസ്ഥ അനുഭവപ്പെടുന്നുണ്ട്.

പശ്ചിമവാതങ്ങളാണ് ശൈത്യകാലത്ത് മെഡിറ്ററേനിയൻ പ്രദേശങ്ങളിൽ മഴ ലഭിക്കുന്നതിന് കാരണമാകുന്നത്. മഴയുടെ അളവ് കുറവായതിനാൽ നിബിഡവനങ്ങൾ ഈ മേഖലയിൽ കാണപ്പെടാറില്ല. ഓക്ക്, സിഖോയ തുടങ്ങിയ ഉയരംകൂടിയ നിത്യഹരിതവൃക്ഷങ്ങളും പൈൻ, ഫിർ തുടങ്ങിയ നിത്യഹരിത സ്തൂപികാഗ്രവൃക്ഷങ്ങളും കുറ്റിച്ചെടികളും ഇവിടങ്ങളിൽ കാണപ്പെടുന്നു. പഴവർഗങ്ങളും പച്ചക്കറികളുമാണ് ഇവിടത്തെ പ്രധാന കൃഷി. സാധ്യമായ ഇടങ്ങളിൽ ധാന്യ കൃഷിയും കണ്ടുവരുന്നു.

---




Prepared by:
PRAMOD KUMAR.T
HST Social Science
Republican VHSS, Konni
Pathanamthitta
Mobile : 9447090288
9400790288